16) മടത്തിൽപച്ച കോളനി

17) വയൽചേരി കോളനി

18) നെടുമ്പാറ കോളനി

(ബി) കുടിവെള്ള പൈപ്പ് ലൈനുകൾ എത്താത്ത പട്ടികജാതി കോളനികൾ ഏതെല്ലാമാണ്; ഇതിൽ ഏതെല്ലാം കോളനികളിലാണ് ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പുവർഷം കുടിവെള്ളം എത്തിക്കാൻ കഴിയുക; ഇതുസംബന്ധിച്ച് ജലവിഭവ വകുപ്പുമായി ചേർന്ന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കിളിമാനൂർ ബ്ലോക്ക് പരിധിയിലെ നെടുംപച്ചകോളനി, ചേറാട്ടുകുഴി കോളനി, ഇടക്കരിക്കകം കോളനി, പാറകുന്ന് കോളനി, കരിംപാലോട് കോളനി, ശാസ്താം കോളനി, മീൻകോണം കോളനി, പേരാപ്പ് കോളനി, മുള്ളൻചാണി കോളനി, കാവുവിള കോളനി, കാലകോണം കോളനി, വല്ലുത്തുകോണം കോളനി എന്നീ കോളനികളിൽ പൂർണ്ണമായും കുടിവെള്ള പൈപ്പ് ലൈൻ കണക്ഷൻ എത്തിയിട്ടില്ല. മണനൂർ പഞ്ചായത്തിലെ ശങ്കരൻമുക്ക് കോളനി, പയൂർക്കോണം കോളനി, ഭാസ്കർ കോളനി, ആലുവിള കോളനി എന്നിവിടങ്ങളിൽ ജലജീവൻ മിഷൻ പ്രകാരം കുടിവെള്ള കണക്ഷൻ നൽകുവാൻ സാധിക്കും. ഇതുസംബന്ധിച്ച് ജലവിഭവ വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി

22 (3728) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഊരുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

തെരഞ്ഞെടുത്ത പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2017-18 സാമ്പത്തിക വർഷം മുതൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഓരോ കോളനിയിലും പരമാവധി ഒരു കോടി രൂപ വരെയുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്. അടിയന്തരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾ മുതലായവയാണ് പദ്ധതി മുഖേന പ്രധാനമായി നടപ്പിലാക്കുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായവർക്ക് ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം, കുടിവെള്ള വിതരണ പദ്ധതികൾ, ശുചിത്വ പരിപാടികൾ, നടപ്പാത, നടപ്പാലം മുതലായ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ, ജീവനോപാധികളുടെ വിതരണം തുടങ്ങിയവയും ഊരുകൂട്ട ശിപാർശ അനുസരിച്ച് ഈ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്.

(ബി) അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം പ്രവൃത്തി ആരംഭിച്ച 94 കോളനികളിൽ എത്ര എണ്ണം പൂർത്തിയാക്കി?

22 എണ്ണം പൂർത്തിയാക്കി. ബാക്കിയുള്ളവ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(സി) ഊരുകളിലേയ്ക്കുള്ള റോഡുകൾ, വൈദ്യുതി, കുടിവെള്ളം, പാർപ്പിടം, പഠനവീട് എന്നിവയെല്ലാം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ?

പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായവർക്ക് ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം, കുടിവെള്ള വിതരണ പദ്ധതികൾ, ശുചിത്വ പരിപാടികൾ, നടപ്പാത, നടപ്പാലം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഊരുകൂട്ട ശിപാർശ അനുസരിച്ച് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്.

പട്ടികവർഗ്ഗക്കാർക്ക് വനാവകാശ നിയമപ്രകാരം ഭൂമി

23 (3729) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിന് വനാവകാശ നിയമപ്രകാരം ഭൂമി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ?

ഉണ്ട്. വനാവകാശ നിയമപ്രകാരം നാളിതുവരെയായി 26,600 പേർക്ക് 35,349.29 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ വിതരണം ചെയ്തിട്ടുണ്ട്. പുതിയതായി ലഭിച്ച അപേക്ഷകളിൽ സംയുക്ത പരിശോധനയും സർവ്വേ നടപടികളും സമയബന്ധിതമായി പൂർത്തീകരിച്ച് വനാവകാശ രേഖ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly